**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3202** **11.05.2017 ൽ മറുപടിക്ക്.**

**നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിലുള്ള വീഴ്ച പരിഹരിക്കാൻ നടപടി**

| ചോദ്യം<br>ശ്രീമതി.പി.അയിഷാ പോറ്റി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ ഉദ്യോഗസ്ഥ തലത്തിൽ വരുത്തുന്ന വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ ) | ചില വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നികുതി കുടിശ്ശികകൾ പലപ്പോഴും വിവിധ കാരണങ്ങളാൽ സമയബന്ധിതമായി പിരിച്ചെടുക്കാൻ കഴിയാതെ വരാറുണ്ട്. റവന്യൂ റിക്കവറിക്ക് റിക്വിസിഷൻ അയച്ച കേസുകളിൽ അപ്പീലുകളോ റിവിഷൻ ഹർജികളോ ഫയൽ ചെയ്യുമ്പോൾ അപ്പലേറ്റ് അതോറിറ്റികളിൽ നിന്നും കോടതികളിൽ നിന്നും സ്റ്റേ ഉത്തരവുകളും നികുതി / പെനാൽറ്റി ചുമത്തിയ ഉത്തരവുകൾ മോഡിഫൈ ചെയ്തുകൊണ്ടും ഉള്ള ഉത്തരവുകൾ ലഭിക്കുമ്പോൾ അതിനനുസൃതമായി റവന്യൂ റിക്കവറിയ്ക്ക് ശുപാർശ ചെയ്ത തുകകളിൽ വ്യത്യാസം വരാറുണ്ട്. |
| (ബി) | വാണിജ്യ നികുതി കുടിശ്ശിക വരുത്തുന്നവർക്കെതിരെയും നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെയും കർശനമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | വാണിജ്യ നികുതി കുടിശ്ശിക അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെയും നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ ബോധപൂർവ്വം വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെയും കർശനമായ നടപടികൾ സ്വീകരിക്കാറുണ്ട്. |

**സെക്ഷൻ ഓഫീസർ**

6